പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത | 20/03/2012-ൽ മറുപടി |
| ചോദ്യം നം: 1122 | നല്കേണ്ടത് |

## കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ പാണ്ടുപാറയിൽ 1977-നുമുമ്പ് കൃഷിചെയ്തു ജീവിക്കുന്ന കർഷകർക്ക് പ്രസ്തുതപ്രദേശം ഹിൽട്രാക്ക് ഏരിയയിൽ ഉൾപ്പെട്ടുകിടക്കുന്നതിനാൽ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിൽ നിന്ന് പ്രത്യേക ഉത്തരവ് ലഭിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;<br><br>(സി) ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ? | (എ) യും (ബി)യും (സി) യും<br>പാണ്ടുപാറ പ്രദേശം ഹിൽട്രാക്കിൽ ഉൾപ്പെടുന്നില്ല. പ്രസ്തുത വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണറുടെയും എറണാകുളം ജില്ലാ കളക്ടറുടെയും റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു അന്തിമ തീരുമാനം എടുക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലാ കളക്ടറോട് ആനുകൂല്യം ലഭിക്കേണ്ടവരുടെ പട്ടിക ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുമുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ